കെ. എസ്. ആർ. ടി. സി. ജീവനക്കാരെ സംബന്ധിച്ച പരാതികൾ

827 [1021] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ ജീവനക്കാരെ സംബന്ധിച്ച് യാത്രക്കാരിൽ നിന്നും കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) അന്വേഷണത്തിൽ പരാതികൾ ശരിയാണെന്നു ബോദ്ധ്യപ്പെട്ട കേസുകൾ എത്ര ;

(സി) ഇതു സംബന്ധിച്ച് എടുത്ത നടപടികൾ പരാതിക്കാരനെ അറിയിക്കുന്ന പതിവുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ പരാതി ഉന്നയിച്ചവരെ അറിയിക്കാത്ത എത്ര കേസുകൾ ഉണ്ട് ?

ഉത്തരം

(എ) 1985-ൽ 1270 പരാതികളും 1-1-1986 മുതൽ 16-10-1986 വരെ 728 പരാതികളും ലഭിച്ചിട്ടുണ്ട്.

(ബി) 1985-ൽ 116 കേസുകൾ 1-1-1986 മുതൽ 16-10-1986 വരെ 73 കേസുകൾ.

(സി) ഉണ്ട്.

(ഡി) ഒന്നും തന്നെയില്ല.

നന്നാക്കി ഓടിക്കാവുന്ന ബസ്സുകൾ

828 [1022] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നന്നാക്കി ഓടിക്കാവുന്ന എത്ര ബസ്സുകൾ 30-9-1986-ൽ ഗ്യാരേജിൽ കിടപ്പുണ്ട് ;

(ബി) ഇവ എന്നത്തേക്ക് പരിപൂർണ്ണമായി ഓടിക്കുവാൻ കഴിയും ?

ഉത്തരം

(എ) 30-9-1986-ലെ കണക്കനുസരിച്ച് വിവിധ ഗ്യാരേജുകളിലും വർക്ക്ഷോപ്പുകളിലുമായി 697 ബസ്സുകൾ കിടപ്പുണ്ടായിരുന്നു.

(ബി) ടയറിന്റെയും സ്പെയർപാർട്ട്സിന്റെയും ലഭ്യതയനുസരിച്ച് ഇവയിൽ ഏറിയപങ്കും നിരത്തിലിറക്കിയിട്ടുണ്ട്. എന്നാൽ 8% വണ്ടികൾ ആനുകാലിക അറ്റകുറ്റപ്പണികൾക്കായി വർക്കുഷോപ്പുകളിൽ ഉണ്ടായിരിക്കുന്നതാണ്.

തേക്കടിയിൽ നിന്നും കണ്ണൂരിലേക്ക് ബസ് സർവ്വീസുകൾ

829 [1023] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സുഖവാസ കേന്ദ്രമായ തേക്കടിയിൽ നിന്നും കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തി കണ്ണൂർ—തേക്കടി, തേക്കടി—കണ്ണൂർ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുവാൻ കെ. എസ്. ആർ. ടി. സി. യുടെ വിഭവശേഷിയുടെ പരിമിതിമൂലം തൽക്കാലം നിർവ്വാഹമില്ല. എന്നാൽ തേക്കടി-കോട്ടയം റൂട്ടിലും കോട്ടയം-കണ്ണൂർ റൂട്ടിലും ഇപ്പോൾ ആവശ്യാനുസരണം സർവ്വീസുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly